**• പാഠപുസ്തക വിതരണം അടിയന്തിരമായി പൂർത്തിയാക്കുക**
**• പാഠപുസ്തക അച്ചടിയിലെ അഴിമതിയെക്കുറിച്ച് സമഗ്രാന്വേഷണം നടത്തുക**

# മനുഷ്യചങ്ങല

**2015 ജൂൺ 24 ന് വൈകു. 4 മണിക്ക്**

## പ്രതിജ്ഞ

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സ്കൂൾ വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പാഠപുസ്തകം വിതരണം നടത്തേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. എന്നാൽ ഇക്കാര്യത്തിൽ യു.ഡി.എഫ് സർക്കാർ അക്ഷന്തവ്യമായ വിഴ്ചയാണ് വരുത്തിയത്. ലക്ഷക്കണക്കിന് കുട്ടികളെയും രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ആശങ്കയിലാഴ്ത്തി പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനമാണ് സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനത്തെ എന്തുവിലകൊടുത്തും നമുക്ക് ചെറുത്ത് തോൽപ്പിച്ചേ മതിയാവൂ.

പാവപ്പെട്ട കർഷകരുടെയും കർഷകതൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും ചോരയും നീരും കൊടുത്ത് വളർത്തിയെടുത്ത പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കാൻ ആരെയും ഞങ്ങൾ അനുവദിക്കുകയില്ല. ഞങ്ങളുടെ കണ്ണിലെ കൃഷ്ണമണി പോലെ വിദ്യാഭ്യാസമേഖലയെ സംരക്ഷിക്കുകതന്നെ ചെയ്യും.

എല്ലാതലത്തിലും അഴിമതി നടത്തുന്നതിനും ഈ മേഖല സ്വകാര്യ കച്ചവടലോബികളുടെ കൈകളിലേക്ക് എത്തിക്കുന്നതിനും ഇവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട പാഠപുസ്തക അച്ചടിയിൽപ്പോലും ലക്ഷങ്ങൾ നടത്താൻ ശ്രമിക്കുന്ന ഈ സർക്കാരിന്റെ നെറികെട്ട ഭരണത്തിനെതിരെ ശക്തമായ പ്രതിരോധം നമുക്ക് സൃഷ്ടിക്കാം.

ദൈവത്തിന്റെ സ്വന്തം നാടായി വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കേരളത്തെ അഴിമതിയുടെ നാടായി മാറ്റാൻ ശ്രമിക്കുന്ന ഇത്തരം കൊള്ളക്കാരിൽ നിന്നും പൊതുവിദ്യാഭ്യാസമേഖലയെ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. പ്രതിജ്ഞ... പ്രതിജ്ഞ... പ്രതിജ്ഞ....

## എഫ്.എസ്.ഇ.ടി.ഒ